ആയുർവ്വേദ മരുന്നുകൾക്കുള്ള അസംസ്കൃത വസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി

108 (6813) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവ്വേദ മരുന്നുകൾക്ക് അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്നതിൽ പലതും ആവശ്യത്തിന് ലഭ്യമല്ല എന്ന കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) സബ്സ്റ്റിറ്റ്യൂട്ടുകൾ ചേർക്കുമ്പോൾ മരുന്നിന് ഗുണ നിലവാരമില്ലാതാകുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആയുർവ്വേദ മരുന്നുകളുടെ ഉല്പാദനാവസരയിൽ അതിന്റെ മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) ആയുർവ്വേദ മരുന്നുകൾക്കുള്ള അസംസ്കൃത വസ്തുക്കളുടെ (ഉദാ. അശോകം) ഉല്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അംഗീകൃത ആയുർവ്വേദ ഗ്രന്ഥങ്ങളിൽത്തന്നെ 36 ഇനം മരുന്നുകൾക്ക് (Raw Drugs) അതേ ഗുണങ്ങളുള്ള പ്രതിനിധി ദ്രവ്യം (Substitute drugs) ഉപയോഗിക്കുവാൻ പറഞ്ഞിട്ടുണ്ട്.

(സി) സ്വീകരിക്കുന്നുണ്ട്. ആയുർവ്വേദ ഔഷധ നിർമ്മാണ സ്ഥാപനങ്ങളിൽ അസംസ്കൃത വസ്തുക്കളുടെയും നിർമ്മിച്ച ഔഷധത്തിന്റെയും ഗുണനിലവാര പരിശോധനയ്ക്കായി inhouse ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുകയോ പരിമിതമായ എണ്ണം ഔഷധങ്ങൾ മാത്രമാണ് ഉൽപ്പാദിപ്പിക്കുന്നതെങ്കിൽ ആയുഷ് അംഗീകൃത ലാബിൽ പരിശോധന നടത്തിക്കൊള്ളാമെന്ന സത്യവാങ്മൂലവും പ്രസ്തുത ലാബിന്റെ സമ്മതപത്രത്തിന്റേയും അടിസ്ഥാനത്തിൽ മാത്രമേ ഇപ്പോൾ ലൈസൻസ് അനുവദിക്കുന്നുള്ളൂ.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ആയുർവ്വേദമരുന്നുകളിൽ പ്രിസർവേറ്റീവുകൾ ചേർക്കുന്നതിന്റെ പരിശോധന

109 (6814) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരിഷ്ടം പോലുള്ള ആയുർവ്വേദ മരുന്നുകൾ പഴകിയാകാതിരിക്കുന്നതിന് എന്തെല്ലാം പ്രിസർവേറ്റീവുകൾ ചേർക്കുന്നതിനാണ് അനുമതി

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുള്ളത് എന്നു പറയാമോ ; ഈ പ്രിസർവേറ്റീവുകൾ ശരിയായ അളവിൽ മാത്രമാണോ മരുന്നിൽ ചേർത്തിട്ടുള്ളതെന്നും അപകടകരമായ അവസ്ഥയിൽ ചേർത്തിട്ടുണ്ടോ എന്നും പരിശോധിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) സോഡിയം ബെൻസോവറിറ്റ് പോലുള്ള പ്രിസർവേറ്റീവുകൾ മരുന്നുകളിൽ ഉപയോഗിക്കുന്നതിന് ഏതെല്ലാം ആയുർവ്വേദ മരുന്നു കമ്പനികൾക്കും സ്ഥാപനങ്ങൾക്കുമാണ് അനുവാദം നൽകിയിട്ടുള്ളത് എന്നു പറയാമോ ; ഈ സർക്കാരിന്റെ കാലയളവിൽ ഇത്തരത്തിൽ ലൈസൻസ് കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അരിഷ്ടാസവം, എണ്ണ, നെയ്യ് എന്നീ വിഭാഗത്തിൽപ്പെടുന്ന ആയുർവ്വേദ ഔഷധങ്ങളിൽ പ്രിസർവേറ്റീവുകൾ ചേർക്കേണ്ട ആവശ്യം ഇല്ലാത്തതിനാൽ അനുമതി നൽകാറില്ല. എന്നാൽ കഷായം, ലേഹ്യം, ടാബ്ലറ്റ്, ക്യാപ്സൂൾ തുടങ്ങിയ ആയുർവ്വേദ മരുന്നുകളിൽ പ്രിസർവേറ്റീവ് ചേർക്കുന്നതിന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940 ആന്റ് റൂൾസ് 1945-ലെ റൂൾ 169 പ്രകാരം 27-10-2008 മുതൽ അനുമതി നൽകിവരുന്നുണ്ട്. ആയുർവ്വേദ ഔഷധങ്ങളിൽ ചേർക്കാൻ അനുവദിച്ചിട്ടുള്ള പ്രിസർവേറ്റീവുകളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) 27-10-2008-ന് ശേഷം 369 സ്ഥാപനങ്ങൾക്ക് പ്രിസർവേറ്റീവ്സ് ചേർക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സോഡിയം ബെൻസോവറിറ്റ് പോലുള്ള പ്രിസർവേറ്റീവുകൾ ആയുർവ്വേദ മരുന്നുകളിൽ ചേർക്കുന്നതിന് 2011 മേയ് മാസം മുതൽ അനുവദിച്ച സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം 2 ആയി ചേർക്കുന്നു.*

ആയുർവ്വേദ കോളേജുകളിൽ കുറഞ്ഞ വരുമാനക്കാർക്ക് സൗജന്യ ചികിത്സയ്ക്കുള്ള മാനദണ്ഡങ്ങൾ

110 (6815) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആയുർവ്വേദ കോളേജുകളിൽ കുറഞ്ഞ വരുമാനക്കാർക്ക് ചികിത്സ സൗജന്യമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തി വരുമാനപരിധി വർദ്ധിപ്പിച്ച് കൂടുതൽ പേർക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത രോഗികൾ ആശുപത്രിയിൽ പാലിക്കേണ്ട രേഖകൾ സംബന്ധിച്ച് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly